# കേരള സർവകലാശാല

നം. പി.ആർ.070/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.കോം: പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല മേയ് ഒമ്പതിന് തുടങ്ങുന്ന രണ്ടാം വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയ്ക്ക് www.de.keralauniversity.ac.in എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ ചെയ്ത യൂസർ ഐ.ഡിയും പാസ്‌വേഡും ഉപയോഗിച്ച് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം.

രണ്ടാം വർഷ പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ. വിമൻസ് കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവരിൽ രജി.നം. 1404281 – 1404429 വരെയുള്ളവർ നീറമൺകര എൻ.എസ്.എസ് കോളേജ് ഫോർ വിമനിലും ഗവ. സംസ്കൃത കോളേജിലെ രജി.നം. 1402001 – 1402340 വരെയുള്ളവർ മാർ ഇവാനിയോസ് കോളേജിലും കൊട്ടാരക്കര എസ്.ജി കോളേജിലെ രജി.നം. 1442001 – 1442170 വരെയുള്ളവർ പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിലും കൊല്ലം എഫ്.എം.എൻ കോളേജ് ആവശ്യപ്പെട്ടവരിൽ രജി.നം. 1431385 – 1431499 വരെയുള്ളവർ കൊല്ലം ടി.കെ.എം കോളേജിലും ശാസ്താംകോട്ട ഡി.ബി. കോളേജിലെ രജി.നം 1434166 – 1434349 വരെയുള്ളവർ ചവറ ബി.ജെ.എം കോളേജിലും പന്തളം എൻ.എസ്.എസ് കോളേജ് ആവശ്യപ്പെട്ടവരിൽ രജി.നം. 1456001 – 1456150 വരെയുള്ളവർ അടൂർ സെന്റ് സിറിൾസ് കോളേജിലും ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റുമായി പരീക്ഷയെഴുതണം.

നങ്ങ്യാർകുളങ്ങര ടി.കെ.എം.എം കോളേജിൽ അവസാന വർഷ പരീക്ഷയെഴുതിയവർ രണ്ടാം വർഷ പരീക്ഷകൾ ആലപ്പുഴ എസ്.ഡി. കോളേജിൽ എഴുതണം. ചേർത്തല എസ്.എൻ കോളേജ്, ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്ത് എം.എസ്.എം കോളേജിൽ 2015-ൽ ഒന്നാം വർഷ പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ എം.എസ്.എം കോളേജിൽത്തന്നെ പരീക്ഷയെഴുതണം.

## ബി.എ പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല മേയ് ഒമ്പത്, 11 തീയതികളിൽ തുടങ്ങുന്ന ഒന്ന്, രണ്ട് വർഷ ബി.എ (ആന്വൽ സ്കീം) പരീക്ഷകൾക്ക് നങ്ങ്യാർകുളങ്ങര ടി.കെ.എം.എം കോളേജ് കേന്ദ്രമായി അപേക്ഷിച്ചവർ കായംകുളം എം.എസ്.എം കോളേജിൽ പരീക്ഷയെഴുതണം.

രണ്ടാം വർഷ ബി.എ സബ്സിഡിയറി വിഷയങ്ങൾക്ക് സപ്ലിമെന്ററിയായി നങ്ങ്യാർകുളങ്ങര ടി.കെ.എം.എം കോളേജ് കേന്ദ്രമായി അപേക്ഷിച്ചവർ കായംകുളം എം.എസ്.എം കോളേജിലും എഫ്.എം.എൻ കോളേജ് കേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം ടി.കെ.എം കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

## ബി.എ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യണം

കേരള സർവകലാശാല മേയ് ഒമ്പതിന് തുടങ്ങുന്ന ഒന്ന്, രണ്ട് വർഷ ബി.എ (ആന്വൽ സ്കീം) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ

ഹാൾടിക്കറ്റ് www.de.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പരീക്ഷയ്ക്ക് ഹാജരാകണം.

## എം.എസ്‌സി.സി.എൻ.ഡി പ്രോജക്ട്/വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന എം.എസ്‌സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് രണ്ടാം വർഷ പ്രോജക്ട് ആൻഡ് വൈവ പരീക്ഷകൾ മേയ് 28, 30, 31 തീയതികളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് സി.ഡി.സി യിൽ രാവിലെ ഒമ്പത് മുതൽ വൈകുന്നേരം അഞ്ച് മണിവരെ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.എം ഫലം

കേരള സർവകലാശാല 2015 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മേയ് 23 വരെ അപേക്ഷിക്കാം.

## ബി.സി.എ/ബി.എസ്‌സി പ്രാക്ടിക്കൽ ക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ ബി.സി.എ വിദ്യാർത്ഥികൾക്ക് മേയ് ഏഴ്, 14 തീയതികളിൽ കാര്യവട്ടം ക്യാമ്പസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയിൽ (സി.സി.എഫ്) വച്ച് പ്രാക്ടിക്കൽ ക്ലാസ് നടത്തും.

രണ്ടാം വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾക്ക് മേയ് 15, 21 തീയതികളിൽ കാര്യവട്ടം ക്യാമ്പസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയിൽ (സി.സി.എഫ്) വച്ച് പ്രാക്ടിക്കൽ ക്ലാസ് നടത്തും.

## എം.എ മലയാളം, സംസ്കൃതം ക്ലാസുകൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം തിരുവനന്തപുരം കേന്ദ്രത്തിൽ നടത്തുന്ന രണ്ടാം വർഷ എം.എ മലയാളം, സംസ്കൃതം ക്ലാസുകൾ മേയ് എട്ടിന് പാളയം കാമ്പസിൽ രാവിലെ 10 മണിമുതൽ നടത്തും.

## ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ : ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ത്രീമെയിൻ) പരീക്ഷകൾ മേയ് 23-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
05.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098